LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് നല്കുന്ന ലംപ്സം ഗ്രാന്റ് തുടർന്ന് നല്കുവാൻ നടപടി

93 [3680] ശ്രീ. എം. മുരളി:

,, ടി. എൻ. പ്രതാപൻ:

,, എൻ. ശക്തൻ:

,, തേറമ്പിൽ രാമകൃഷ്ണൻ:

,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് നല്കുന്ന ലംപ്സം ഗ്രാന്റ് എത്ര കാലമായി മുടങ്ങിക്കിടക്കുന്നു;

(ബി) ലംപ്സം ഗ്രാന്റ് വിതരണം ചെയ്യുന്നത് നിർത്തിവച്ചതിന്റെ കാരണം വിശദമാക്കുമോ;

(സി) ഈ ആനുകൂല്യം തുടർന്നു നല്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഫണ്ടിന്റെ അപര്യാപ്തതമൂലം 2 വർഷമായി ചില ജില്ലകളിൽ മുടങ്ങികിടക്കുന്നു.

(ബി ആന്റ് സി) ലംപ്സം ഗ്രാന്റ് വിതരണം നിർത്തിവച്ചിട്ടില്ല. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വിതരണം ചെയ്യുന്നുണ്ട്.

മത്സ്യത്തൊഴിലാളി ക്ഷേമ ആശ്വാസ പദ്ധതി

94 [3681] ശ്രീ. എ. പി. അനിൽകുമാർ:

,, ടി. യു. രാധാകൃഷ്ണൻ:

,, ഇ. എം. അഗസ്തി:

,, പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി ക്ഷേമ ആശ്വാസ പദ്ധതി മുടങ്ങി കിടക്കുകയാണോ;

(ബി) എങ്കിൽ കാരണമെന്താണ്;

(സി) എന്നുമുതലാണ് ഈ പദ്ധതി മുടങ്ങിയത്;

(ഡി) ഈ മൺസൂൺ കാലയളവിൽ ഈ പദ്ധതിയിൽ നിന്ന് സഹായം നൽകിയിട്ടുണ്ടോ?